# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4251 — 27.06.2013 - ൽ മറുപടിക്ക്

## ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം

**ചോദ്യം** — ഉത്തരം

ശ്രീ. കെ.എസ്.സലീഖ — ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

(എ) ബുദ്ധിപരമായി വിവിധ വെല്ലുവിളികൾ, സെറിബ്രൽ പാൾസി, ഓട്ടിസം, ബഹുവൈകല്യം, പഠന വൈകല്യം, ശൈശവ ദൗർബല്യം, എയ്ഡ്സ് രോഗം എന്നിവ നേരിടുന്ന കുട്ടികളെ സഹായിക്കാൻ വിദ്യാഭ്യാസ വകുപ്പ് എന്ത് നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(എ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, സെറിബ്രൽ പാൾസി, ഓട്ടിസം, ബഹുവൈകല്യം, പഠനവൈകല്യം എന്നീ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പൊതു വിദ്യാലയങ്ങളിൽ പഠിക്കുകയാണെങ്കിൽ സാമ്പത്തിക ആനുകൂല്യങ്ങൾ, പരീക്ഷാ ആനുകൂല്യങ്ങൾ, സഹായോപകരണങ്ങൾ, പഠനോപകരണങ്ങൾ, റിസോഴ്സ് ടീച്ചർ മാരുടെ സേവനം, ആയമാരുടെ സേവനം, റിസോഴ്സ് സെന്റർ, റിസോഴ്സ് റൂമുകൾ, തെറാപ്യൂട്ടിക് സർവ്വീസ് തുടങ്ങിയവ സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നൽകി വരുന്നു. മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, എന്നീ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച 278 സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്വയം ഭരണ സ്ഥാപനമായ സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം എന്ന സ്ഥാപനവും പ്രവർത്തിക്കുന്നു. രജിസ്ട്രേഷൻ ലഭിച്ച സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നും

സാമ്പത്തിക സഹായം ലഭിച്ചു വരുന്നു. പ്രസ്തുത വിഭാഗം സ്ഥാപനങ്ങൾക്കായി 2012-13 സാമ്പത്തിക വർഷം 10 കോടി രൂപ അനുവദിച്ച് വിതരണം ചെയ്തിരുന്നു. നടപ്പു സാമ്പത്തിക വർഷവും 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ശൈശവ ദൗർബല്യം, എയ്ഡ്സ് രോഗം എന്നിവ നേരിടുന്ന കുട്ടികൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടില്ല. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി പാണക്കാട് സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് പ്രിൻസിപ്പൽ ഡോ.എം.കെ. ജയരാജിനെ സ്പെഷ്യൽ ഓഫീസറായി സ.ഉ.(സാധാ) നം.4970/2012/പൊ.വി.വ. തീയതി. 16.10.2012 പ്രകാരം നിയമി ച്ചിരുന്നു. ഡോ.എം.കെ. ജയരാജ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശ കളിൻമേൽ നടപടി സ്വീകരിച്ചു വരുന്നു

| | | | |
|---|---|---|---|
| (ബി) | ഇവർക്ക് ചികിത്സാ സഹായം, വിദ്യാഭ്യാസം, സംരക്ഷണം എന്നിവ നൽകാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (ബി) | എല്ലാ വിഭാഗം കുട്ടികൾക്കും വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസ വകുപ്പു മുഖേന നൽകി വരുന്നു. എന്നാൽ ചികിത്സാ സഹായം പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നൽകുവാൻ പദ്ധതി നിലവിലില്ല. |
| (സി) | ഇവർക്കായി 'പാഠ്യപദ്ധതി' തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇവരുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; ആയത് എപ്പോൾ മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | പാഠ്യപദ്ധതി തയ്യാറാക്കുവാൻ എസ്.സി.ഇ.ആർ.ടി.ഇ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. പാഠ്യപദ്ധതി തയ്യാറായാൽ പരിശോധിച്ച് സമയ ബന്ധിതമായി നടപ്പിലാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഇതിനായി പ്രയോജനപ്പെടത്തുവാൻ ഉദ്ദേശി-ക്കുന്നുവോ; വിശദമാക്കുമോ; | (ഡി) | ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഇതിനായി പ്രയോജനപ്പെടുത്തുവാൻ കഴിയുമോ എന്നു പരിശോധിച്ചു വരുന്നു. |
| (ഇ) | ഇവർക്കായി വിദ്യാഭ്യാസം നൽകാൻ എത്ര സ്പെഷ്യൽ സ്കൂളുകളുണ്ട്; ഇവയിൽ എത്ര ജീവനക്കാരുണ്ട്; എത്ര ജീവനക്കാരുടെ കുറവുണ്ട്; വ്യക്തമാക്കുമോ; | (ഇ) | മാനസികമായ വെല്ലുവിളികൾ നേരിടുന്ന-വർ, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾ എന്നിവർക്കായി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും PWD Act/Rules പ്രകാരം രജിസ്ട്രേഷൻ ലഭിച്ച 278 സ്ഥാപനങ്ങൾ സംസ്ഥാനത്ത് നില-വിലുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനമായ സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം എന്ന സ്ഥാപനവും നിലവിലുണ്ട്. മുകളിൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലായി അദ്ധ്യാപകരും മറ്റു ജീവനക്കാരുമായി ഏകദേശം 4000 പേർ ജോലി നോക്കി വരുന്നു. ഈ മേഖലയിൽ സ്പെഷ്യൽ ട്രെയിനിംഗ് യോഗ്യത നേടിയ അദ്ധ്യാപകരുടെ കുറവുണ്ട്. |
| (എഫ്) | നിലവിൽ ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്ന ആകെ കുട്ടികളുടെ എണ്ണം എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എഫ്) | പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| തിരുവനന്തപുരം | - | 1535 |
| കൊല്ലം | - | 887 |
| പത്തനംതിട്ട | - | 590 |
| ആലപ്പുഴ | - | 903 |
| കോട്ടയം | - | 1718 |
| ഇടുക്കി | - | 674 |
| എറണാകുളം | - | 2803 |
| തൃശ്ശൂർ | - | 1958 |

| | | |
|---|---|---|
| പാലക്കാട് | - | 605 |
| മലപ്പുറം | - | 1466 |
| കോഴിക്കോട് | - | 1400 |
| വയനാട് | - | 401 |
| കണ്ണൂർ | - | 662 |
| കാസർഗോഡ് | - | 525 |
| **ആകെ** | - | **16,127** |

**(ജി)** ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സംസ്ഥാന തലത്തിൽ കലോത്സവങ്ങൾ നടത്തി അവരെ മുഖ്യധാരയിൽ കൊണ്ടു വരാൻ ഈ സർക്കാർ എന്ത് നടപടി സ്വീകരിക്കും; വിശദമാക്കുമോ;

**(ജി)** സംസ്ഥാനത്ത് മാനസികമായും ശാരീരികമായും വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം നടത്തുന്നുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നുംരജിസ്ട്രേഷൻ ലഭിച്ച സ്കൂളുകളിൽ പഠിക്കുന്ന മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെയും പ്രസ്തുത മേളയിൽ പങ്കെടുക്കാൻ അനുവദിച്ചിട്ടുണ്ട്. ജില്ലാതല സ്ക്രീനിംഗ് നടത്തിയാണ് സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നത്. മത്സരത്തിൽ പങ്കെടുത്ത് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് യഥാക്രമം 2000, 1600, 1200 രൂപ നിരക്കിൽ പ്രൈസ് മണി നൽകി വരുന്നു. കൂടാതെ പാർട്ടിസിപ്പേഷൻ അലവൻസായി ഓരോ സ്കൂളിനും 1500രൂപ വീതവും നൽകി വരുന്നു.

**(എച്ച്)** ഇവർക്കായി കൂടുതൽ സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കാനും പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കി പഠനത്തിന് സൗകര്യമൊരുക്കാനും, പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്ക് യോഗ്യതകൾ നിശ്ചയിച്ച് മാത്രം

**(എച്ച്)** നിലവിൽ രജിസ്ട്രേഷൻ ലഭിച്ച 278 സ്ഥാപനങ്ങളിൽ 225 സ്കൂളുകൾ നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകൾ നടത്തുന്നവയും 53 സ്കൂളുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്നവയുമാണ്. സർക്കാരിന്റെ നിയന്ത്രണത്തിൽ സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്

നിയമനം നൽകാനും മതിയായ വേതനം ഉറപ്പ് വരുത്താനും എന്തു നടപടികൾ സ്വീകരിക്കു-മെന്ന് വ്യക്തമാക്കുമോ?

ഫോർ മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. നോൺ ഗവൺമെന്റൽ ഒർഗനൈസേഷനുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നടത്തി വരുന്ന കൂടുതൽ സ്കൂളുകൾക്ക് രജിസ്ട്രേഷൻ നൽകുന്നത് പരിഗണനയിലാണ്. പ്രത്യേക പാഠ്യപദ്ധതി, അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത, സേവന വേതന ഘടന എന്നിവ പരിഷ്കരിക്കുന്നത് പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.